# <u>വാക്സിനേഷൻ കേന്ദ്രങ്ങളിൽ പോലീസ് സേവനവും</u>

റൂറൽ ജില്ലയിലെ കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങളിൽ റൂറൽ പോലിസിൻറെ സേവനവും ലഭ്യമാകും. റൂറൽ ജില്ലയിൽ അഞ്ച് കേന്ദ്രങ്ങളാണുള്ളത്. സുരക്ഷ ഉൾപ്പടെയുള്ള കാര്യങ്ങളാണ് പോലിസിൻറെ നിയന്ത്രണത്തിലുള്ളത്. വാക്സിൻ കൊടുക്കുന്ന ദിവസങ്ങളിലെല്ലാം പോലിസിൻറെ സേവനം ലഭ്യമാകും. ഓരോകേന്ദ്രത്തിൻറെയും സുരക്ഷാ ചുമതല ബന്ധപ്പെട്ട എസ്.എച്ച്.ഓ മാർക്കായിരിക്കുമെന്ന് എസ്.പി കെ.കാർത്തിക് പറഞ്ഞു